പതിമൂന്നാം കേരള നിയമസഭ

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1245 12.06.2014 ൽ മറുപടിക്ക്**

**എലത്തൂർ മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. എ. കെ. ശശീന്ദ്രൻ** | | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പു മന്ത്രി)** |
| എ) | കോഴിക്കോട് ജില്ലയിലെ എലത്തൂർ മണ്ഡലത്തിൽ എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പിന് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ; | എ) | മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. |
| ബി) | ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ പേരും പ്രവർത്തന പുരോഗതിയും വെളിപ്പെടുത്താമോ ; | ബി) | 1.പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണം.<br>2.മുട്ടോളി- കുരുവട്ടൂർ റോഡ് നിർമ്മാണം<br>3.പാവയിൽ സിംഗിൾ ലൈൻ സബ് മെർസിബിൾ പാലത്തിന്റെ നിർമ്മാണം |
| സി) | ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി തുടങ്ങാനുള്ള കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കാമോ? | സി) | പുതിയാപ്പ ഗവ.ഹയർ സെക്കണ്ടറി സ്കൂൾ നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിക്കുവേണ്ടി എസ്റ്റിമേറ്റ് തയ്യാറാക്കിയത് 2011 SOR പ്രകാരമായതിനാൽ 2 തവണ ടെണ്ടർ ചെയ്തിട്ടും പ്രതികരണമുണ്ടായിട്ടില്ല. അതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും 42 % എസ്റ്റിമേറ്റ് നിരക്കിന് മുകളിൽ ക്വോട്ട് ചെയ്യുകയുമുണ്ടായി. ടെണ്ടർ എക്സസ് പാസായി വന്നത് 04.03.2014 ന് ശേഷമാണ്. 16.05.14 വരെ ഇലക്ഷൻ പെരുമാറ്റച്ചട്ടം നിലനിന്നിരുന്നതിനാൽ അതിനുശേഷം സെലക്ഷൻ നോട്ടീസ് കൊടുക്കുകയും 04.06.14 ൽ എഗ്രിമെന്റ് വെയ്ക്കുകയും |

ചെയ്തു. ഈ കാരണങ്ങളാലാണ് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കാൻ താമസിച്ചത്.

മുട്ടോളി - കുരുവട്ടൂർ റോഡ് നിർമ്മാണത്തിന്റെ എൽ എം ആർ സഹിതമുള്ള ടെണ്ടർ സർക്കാരിന്റെ പരിഗണനയിലാണ്. പാവയിൽ സിംഗിൾ ലെയിൻ സബ് മേർസിബിൾ പാലത്തിന്റെ പണി പൂർത്തിയായി വരുന്നു. .

സെക്ഷൻ ഓഫീസർ